മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി

39 [44] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡിസ്പെൻസറിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയത് ;

(സി) അവശേഷിക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തിയാകും ;

(ഡി) ഈ ഡിസ്പെൻസറിക്ക് നാട്ടുകാർ നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം എന്നാരംഭിച്ചു ;

(ഇ) കെട്ടിടനിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയത് എപ്പോഴാണ് ;

(എഫ്) ഈ ഡിസ്പെൻസറിക്ക് നാളിതുവരെയായി സ്റ്റാഫിനെ അനുവദിച്ചിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എല്ലാ നടപടികളും പൂർത്തിയാക്കി ഡിസ്പെൻസറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുഴുപ്പിലങ്ങാട് പഞ്ചായത്ത് നൽകിയ 66½ സെന്റ് സ്ഥലത്ത് ഡിസ്പെൻസറിക്കുവേണ്ട കെട്ടിടം നിർമ്മിച്ചു: എന്നാൽ വാട്ടർ സപ്ലൈ, ഇലക്ട്രിക് കണക്ഷൻ തുടങ്ങിയ ജോലികൾ പൂർത്തിയാകാത്തതിനാൽ ആരോഗ്യവകുപ്പു് പ്രസ്തുത കെട്ടിടം ഏറ്റെടുത്തില്ല. ആയതിനാൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിലേക്ക് കണ്ണൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. വാട്ടർ സപ്ലൈ ജോലി നടന്നുകൊണ്ടിരിക്കുന്നു.

(സി) വാട്ടർ സപ്ലൈ ജോലി കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 1982 ഒക്ടോബറിൽ ശിലാസ്ഥാപനം നടത്തിയ ശേഷം ഡിസ്പെൻസറി കെട്ടിടം നിർമ്മിച്ചത് പൊതുമരാമത്ത് വകുപ്പാണ്.

(ഇ) വാട്ടർ സപ്ലൈ, ഇലക്ട്രിക് കണക്ഷൻ എന്നിവ കഴിച്ച് മറ്റു ജോലികൾ 1984 മെയ് മാസം പൂർത്തിയാക്കി.

(എഫ്) ഉണ്ട്.

(ജി) വാട്ടർ സപ്ലൈ ജോലി പൂർത്തിയാക്കി കഴിയുന്നതും വേഗം ഫിഷറീസ് ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ ശിലാസ്ഥാപനം

40 [45] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന് ശിലാസ്ഥാപനം നടത്തിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം ഈ പദ്ധതിക്കുവേണ്ടി എന്ത് തുക ചെലവായി;

(സി) പദ്ധതി പൂർത്തിയാക്കാൻ ഇനി എന്ത് തുക വേണം;

(ഡി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതിമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) വിഴിഞ്ഞത്ത് ബ്രേക്ക് വാട്ടറുകൾ നിർമ്മിച്ചതിനുശേഷം ബ്രേക്ക് വാട്ടറുകൾക്കകത്തുള്ള കടലിന്റെ ആഴം കുറഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) 1962 സെപ്റ്റംബർ 12.

(ബി) 458 ലക്ഷം രൂപ.

(സി) 454 ലക്ഷം രൂപ.

(ഡി) രണ്ടാം ഘട്ടത്തിന്റെയും മൂന്നാം ഘട്ടത്തിന്റെയും ചേർത്തുള്ള രൂപരേഖയുടെ കേന്ദ്രാനുമതി ലഭിച്ചതിനുശേഷം മൂന്നുവർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാവുന്നതാണ്.

(ഇ) ഈ പദ്ധതിയിലുൾപ്പെടുത്തി നൂറ് യന്ത്രവൽകൃത മൽസ്യ ബന്ധന കപ്പലുകൾ (13.3 മീറ്റർ നീളമുള്ള 60-ം20-ം30-ം40 മീറ്റർ നീളമുള്ള 20-ം) ആഴക്കടൽ മൽസ്യബന്ധനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. തൻമൂലം ഉദ്ദേശം 47,000 ടൺ മൽസ്യം അധികമായത് 4869 ലക്ഷം രൂപയുടെ അധിക മൽസ്യബന്ധനം നടത്തുവാൻ സാധിക്കുന്നതാണ്. ഇത് കൂടാതെ ഉദ്ദേശം 6000 പേർക്ക് നേരിട്ടോ അല്ലാതെയോ തൊഴിൽ ലഭിക്കുന്നതാണ്. കൂടാതെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഭയശങ്കയില്ലാതെ മൽസ്യബന്ധനം നടത്തുന്നതിനും മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനും ലേലം ചെയ്യുന്നതിനും മറ്റുമുള്ള സൗകര്യങ്ങളും ഉണ്ടാവുന്നതാണ്. മൊത്തത്തിൽ ഈ പദ്ധതി നിലവിൽ വന്നാൽ വിഴിഞ്ഞം പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലവാരത്തിൽ കാര്യമായ പുരോഗതിയുണ്ടാകുന്നതാണ്.

(എഫ്) കുറഞ്ഞിട്ടില്ല.

കുഡുംബി സമുദായം

41 [46] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഡുംബി സമുദായത്തെ പട്ടികജാതിയിൽപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly